വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ

25 [2642] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വികസന കാര്യത്തിൽ ഏറെ പുറകിലുള്ള വടക്കാഞ്ചേരി ചേലക്കര ഭാഗങ്ങളിലെ പ്രശ്നം കണക്കിലെടുത്ത് 1985-ൽ വടക്കാഞ്ചേരിക്കനുവദിച്ച ഡിവിഷൻ ആഫീസ് ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മുള്ളൂർക്കുന്നത്തുകാവിലെ മെഡിക്കൽ കോളേജ് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ തയ്യാറാകുമോ;

(സി) വൈദ്യുതി പോസ്റ്റും മീറ്ററും മറ്റുപകരണങ്ങളും കിട്ടാത്തതിനാൽ വടക്കാഞ്ചേരി മണ്ഡലത്തിലെ കണക്ഷൻ നൽകാൻ കഴിയുന്നില്ല എന്ന കാര്യം പരിഗണിച്ച് ഇവ അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൃശൂർ ജില്ലയിലെ മറ്റു ഡിവിഷനുകളിലെ കണക്ഷൻ ഏതു തീയതിവരെ അപേക്ഷിച്ചവർക്ക് നൽകിയെന്നും വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ സെക്ഷനുകളിൽ ഏതു തീയതിവരെ അപേക്ഷിച്ചവർക്കു നൽകി എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 20000-ന് മുകളിൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

(സി) സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ച് കഴിയുന്നത്ര വേഗത്തിൽ കണക്ഷനുകൾ നൽകുന്നതാണ്.

(ഡി)

മറ്റു ഡിവിഷനുകൾ	OH 11/99	WP 6/04
വടക്കാഞ്ചേരി നിയോജക മണ്ഡലം	2/00	6/04

കാസർഗോഡ് ജില്ലയിലെ വൈദ്യുതി കണക്ഷൻ

26 [2643] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഓരോ ഇലക്ട്രിക്കൽ സബ് ഡിവിഷനിലും ഓരോ ഇനങ്ങളിലായി വൈദ്യുതി കണക്ഷനുകൾക്കുള്ള എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നതെന്ന് സബ്ഡിവിഷൻ, ഇനം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷകളിൽ എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 2005 ഡിസംബർ 31-നകം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കാസർഗോഡ് നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

27 [2644] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ മിനിമം ഗ്യാരണ്ടി വെച്ച എത്ര വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഉണ്ട് എന്നും, മുൻഗണനാ ക്രമത്തിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ മെറ്റീരിയൽസ് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ 31 വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഉണ്ട്. ഇതിന് ആരും മിനിമം ഗാരന്റി വയ്ക്കാറില്ല. 2005 ഡിസംബറിനകം എല്ലാപണികളും പൂർത്തീകരിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

കായംകുളം താപനിലയവുമായിട്ടുള്ള വൈദ്യുതി കരാർ പുതുക്കുന്നതിന് നടപടി

28 [2645] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയവുമായിട്ടുള്ള വൈദ്യുതി കരാർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly